15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2297 — 09-02-2023 - ൽ മറുപടിയ്ക്ക്

കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണിക്ക് തുക അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പ് തുക അനുവദിക്കാത്തതിനാൽ ശ്രവണ വൈകല്യമുള്ള കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റ് ഉപകരണങ്ങളുടെ അറ്റകുറ്റപണി വൈകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം, മെഡിക്കൽ ഓഫീസറുടെ ഉപദേശം അനുസരിച്ച് കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്നതിനും കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക്, ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് പദ്ധതികൾ ഏറ്റെടുത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക കേരള സാമൂഹ്യ സുരക്ഷാ മിഷന് അടിയന്തരമായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | കുട്ടികൾ കേടായ ഉപകരണങ്ങളാണ് മാസങ്ങളായി ഉപയോഗിക്കുന്നത് എന്നത് കണക്കിലെടുത്ത് കോക്ലിയർ ഇംപ്ലാന്റ് ഉപകരണത്തിന്റെ അറ്റകുറ്റ പണികൾക്കായി മതിയായ തുക സാമൂഹ്യ സുരക്ഷ മിഷന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ? | (ബി) | തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് പ്രകാരം, മെഡിക്കൽ ഓഫീസറുടെ ഉപദേശം അനുസരിച്ച് കേൾവി ശക്തി കുറഞ്ഞ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റിനു ശേഷമുള്ള കേൾവി സഹായികളും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും ഏറ്റെടുക്കുന്നതിനും കോക്ലിയാർ ഇംപ്ലാന്റ് ചെയ്ത ഒരു കുട്ടിക്ക്, ഉപകരണങ്ങളുടെ കാലാകാലങ്ങളിലുള്ള റിപ്പയറിംഗിന് ഓരോ വർഷവും 50,000 രൂപ നിരക്കിൽ ആകെ കുട്ടികൾക്കു വേണ്ട തുക കണക്കാക്കി ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോക്ലിയാർ |

| | | | |
|---|---|---|---|
| | | | ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് പദ്ധതികൾ ഏറ്റെടുത്ത തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത തുക കേരള സാമൂഹ്യ സുരക്ഷാ മിഷന് അടിയന്തരമായി നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ